സെന്റ് തോമസ് കോളജ് പാലാ ഓട്ടോണമസ്
അരുണാപുരം പി.ഒ., കോട്ടയം 686 574

January 2026
Vol. 2 Issue 2

പാലൈ
PALAI பாலை
ISSN No: 3049-0316

# ഗോത്രസംസ്കൃതിയും കഥാപാരമ്പര്യവും



**ഡോ. കെ. വി. മേഴ്സി***

**സംഗ്രഹം**

കേരളസംസ്കാരത്തിന്റെ ഭൂതകാലയാഥാർഥ്യങ്ങളെ അന്വേഷിക്കുന്നവർക്ക് ലഭ്യമായ ഒരസുലഭ ശേഖരമാണ് അട്ടപ്പാടിയിലെ പ്രാക്തനസംസ്കൃതികൾ. അടയാളങ്ങൾ, ഓർമ്മകൾ, കഥകൾ, വാമൊഴികൾ, നാട്ടുപാട്ടുകൾ തുടങ്ങി വ്യത്യസ്ത രൂപങ്ങളിൽ കാണപ്പെടുന്ന ഇത്തരം ശേഷിപ്പുകൾ വേണ്ടത്ര പഠനവിധേയമാക്കിയിട്ടില്ല. ശീതോഷ്ണ സമ്മിശ്രമായ, സുഖകരമായ കാലാവസ്ഥയും ജൈവവൈവിധ്യസമൃദ്ധമായ വനാന്തരങ്ങളും നിഷ്കളങ്കരായ ജനസമൂഹവും കുടിയേറ്റക്കാരെ വൻതോതിൽ ഈ പ്രദേശത്തേയ്ക്കാകർഷിച്ചു. സമതലങ്ങളിൽ നിന്നു കുടിയേറിയവരുടെ കടന്നുകയറ്റത്താൽ ഇവിടത്തെ സംസ്കൃതി, ഭാഗികമായി ഭഞ്ജിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിന്റെ ആന്തരികത പ്രാക്തനജനസമൂഹത്തിന്റെ സങ്കല്പങ്ങളിൽ ജാഗ്രതയോടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു. ഗോത്ര സങ്കൽപ്പങ്ങളിൽ കുടികൊള്ളുന്ന പാരമ്പര്യങ്ങളും മിത്തുകളും കഥാരൂപത്തിൽ തലമുറകളിലേയ്ക്കു പകരുന്നു. മുഡുഗർ, കുറുമ്പർ, ഇരുളർ എന്നീ മൂന്നു ജനവിഭാഗങ്ങളാണ്, പ്രധാനമായും 192 ഊരുകളിലായി, വിശാലമായ അട്ടപ്പാടി പ്രദേശത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ വസിക്കുന്നത്. വയനാട്ടിലെ കുറിച്യരെപ്പോലെ, ഇതര ഗോത്രസമൂഹങ്ങളിൽ നിന്ന് ആത്യന്തികമായി ഔന്നത്യവും അകലവും ദീക്ഷിക്കുന്ന മുഡുഗ സമുദായത്തിന്റെ കഥകളിലും വാമൊഴികളിലും നിന്ന് ഈ സമൂഹത്തിന്റെ സാംസ്കാരികഭൂമികയെ തിരിച്ചറിയാനുള്ള ശ്രമമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. അംഗീകൃത ഗ്രന്ഥങ്ങളേക്കാൾ, മുഡുഗ സമുദായത്തിന്റെ മുഴുവൻ സംസ്കൃതിയും അഭിമാനപൂർവ്വം ജാഗ്രതയോടെ അടുത്ത തലമുറയ്ക്ക് വേണ്ടി കാത്തുസൂക്ഷിക്കുന്ന എന്റെ സഹോദരങ്ങളിൽ നിന്നു തന്നെയാണ് ഇതിനുവേണ്ട ദത്തശേഖരണം നടത്തിയിട്ടുള്ളത്.

**താക്കോൽവാക്കുകൾ:** പിതൃാരാധന, ദേവതാപരിണാമം, ധാന്യക്കുഴി, പത്തിനി

## ആമുഖം

ഭൂതകാലത്തെക്കുറിച്ചുള്ള നൂതനമായ വസ്തുതകൾ കണ്ടെത്തുകയും അവയ്ക്കു വ്യാഖ്യാനം നൽകുകയും സാർവ്വജനീനവും സമകാലികവുമായ രീതിശാസ്ത്രങ്ങൾക്ക് അനുസരിച്ച് അവയ്ക്ക് അപഗ്രഥനങ്ങൾ നടത്തുകയുമാണ് സംസ്കാരപഠനം ചെയ്യുന്നത്. സാഹിത്യകൃതികൾ, സഞ്ചാരികളുടെ വിവരണങ്ങൾ, പുരാവസ്തുക്കൾ, സ്മാരകങ്ങൾ, സ്ഥാപനിർമ്മിതികൾ, കോട്ടകൾ, നാണയങ്ങൾ, ശാസനങ്ങൾ[1] എന്നിവയ്ക്ക് പുറമെ പ്രാക്തനസംസ്കൃതികളെ അപഗ്രഥിക്കാൻ അത്തരം സംസ്കൃതികളിലെ ഭൂതകാലരൂപങ്ങളും ഉപയോഗിച്ച

* അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. വിക്ടോറിയ കോളേജ്, പാലക്കാട്, പാലക്കാട് പോസ്റ്റ് - 678001, ഫോൺ നമ്പർ: 9544511832, ഇ-മെയിൽ വിലാസം: mercyjollyayana@gmail.com

 ISSN No: 3049-0316 

വരുന്നു. പ്രാക്തനസമൂഹങ്ങളിലെ അടയാളങ്ങൾ, ഓർമ്മകൾ, കഥകൾ, വായ്ത്താരികൾ, നാട്ടുപാട്ടുകൾ എന്നിവയുടെ അപഗ്രഥനങ്ങളിലൂടെയാണ് ഈ ഭൂതകാല യാഥാർഥ്യങ്ങളെ നമ്മൾ തിരിച്ചറിയുന്നത്.[2] ലോകത്തിലെ തന്നെ ഏറ്റവും പ്രാചീനമായ ഒരു സംസ്കൃതിയായി അടയാളപ്പെടുത്താവുന്ന അട്ടപ്പാടിയിലെ വ്യത്യസ്തരായ പ്രാക്തനഗോത്ര സമൂഹങ്ങളുടെ സ്മരണകൾ അവയുടെ കഥകളിലും വായ്ത്താരികളിലും വെളിപ്പെടുന്നു. പ്രാക്തനസ്മൃതികളുടെ ഈ അവതരണങ്ങളിലൂടെ വെളിപ്പെടുന്ന ഗോത്രസംസ്കൃതി തിരിച്ചറിയുകയും അപഗ്രഥിക്കുകയുമാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്. പ്രധാനമായും മുഡുഗർ, ഇരുളർ, കുറുമ്പർ എന്നീ വിഭാഗങ്ങൾ 192 ഊരുകളിലായി വസിക്കുന്ന വിശാലമായ അട്ടപ്പാടിയുടെ മണ്ണിൽ ഉറങ്ങിക്കിടക്കുന്ന ഗോത്രസ്മരണകളെ പൂർണമായും അനുധാവനം ചെയ്യുക ദുഷ്കരമാണ്. വയനാട്ടിലെ കുറിച്യരെപ്പോലെ, ജീവിതരീതി, ആചാരാനുഷ്ഠാനവിധികൾ തുടങ്ങിയവയിൽ സമഗ്രമായും മറ്റ് ഗോത്രങ്ങളിൽ നിന്ന് വ്യത്യസ്തരാണ് മുഡുഗർ. മുഡുഗസമുദായത്തിന്റെ കഥാരൂപത്തിലുള്ള ഗോത്രസ്മരണകളെ അപഗ്രഥിച്ച്, പ്രസ്തുത ഗോത്രത്തിന്റെ സംസ്കാരത്തെ പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

### സഹ്യന്റെ മക്കൾ

സഹ്യനിലെ ശ്രദ്ധേയമായ കൊടുമുടികൾ, പ്രത്യേകിച്ചും, തമിഴ്നാട്-കേരള ഭൂപ്രദേശങ്ങളിലെ മലനിരകൾ മുഡുഗരുടെ ദേവസ്ഥാനങ്ങളാണ്. മരുതമല, പഴനി, കാരമട, വെള്ളിങ്കിരി, ആണ്ടവമുടി എന്നിവയാണ് അവയിൽ പ്രധാനം. പരമശിവന്റെ ഭക്തരായ ഈ സമൂഹം, മല്ലീശ്വരൻ അഥവാ ആണ്ടവൻ എന്ന പേരിൽ ശിവരാത്രിക്ക് തലേന്ന് സവിശേഷമായ ആചരണം നടത്തുന്നു. കോയപ്പാട്ടിയുടെ നാടായ കോയമ്പത്തൂരിൽ നിന്ന് ഭക്ഷണ ലഭ്യതയും മൃഗപരിപാലനവും സുഗമമാക്കാൻ അട്ടപ്പാടി പ്രദേശത്തേയ്ക്ക് വന്നവരാണ്, ഇവരുടെ പൂർവികന്മാർ. കോയമ്പത്തൂരിലെ കൾക്കൊത്തിയൂര്, ദാജിക്കണ്ടിയൂര്, സൗക്കാട്ടൂര്, പട്ടിമണ്ണൂര്, പൂണ്ടിയൂര്, പോരത്തിയൂര്, മുത്തിക്കുളം തുടങ്ങിയ പ്രദേശങ്ങളിൽ നിന്ന് കൃഷിക്കും മൃഗപരിപാലനത്തിനും സൗകര്യപ്രദമായ തടങ്ങളും മേടുകളും തിരക്കിയുള്ള യാത്രകളാണ് കോട്ടത്തറ, ചിറ്റൂർ, കാരറ, ഒമ്മല, മുക്കാലി തുടങ്ങിയ അട്ടപ്പാടി പ്രദേശങ്ങളിലേയ്ക്ക് അവരെ എത്തിച്ചത്. ഈ വസ്തുത പണ്ഡിതന്മാർ ശരിവയ്ക്കുന്നുണ്ട്.[3] ഫ്യൂഡൽ കാലഘട്ടത്തിന്റെ അവശേഷിപ്പായി മണ്ണാർക്കാട് മൂപ്പിൽനായർ (മുഡുഗസ്മരണകളിൽ മണിക്കട്ടി രാജാവ്), കോഴിക്കോട് സാമൂതിരി എന്നിവരും ഈ പ്രാക്തനസംസ്കൃതിയുടെ സ്മരണകളിൽ ശേഷിക്കുന്നു.

### ഗോത്രസ്മരണകളുടെ കഥാഖ്യാനങ്ങൾ

മുഡുഗസമുദായത്തിലെ കഥാഖ്യാനങ്ങളെ താഴെപ്പറയും വിധം വിഭജിക്കാവുന്നതാണ്:

1. ജീവിച്ചിരുന്ന വ്യക്തികളുടെ ദേവതാ പരിണാമം
2. അവകാശക്കൈമാറ്റങ്ങളുടെ ചരിത്രരേഖകൾ
3. സ്ഥലനാമ രൂപീകരണത്തിനു സഹായകമായവ
4. മൃഗസൃഷ്ടിക്കഥകൾ

എന്നിവയാണ് അവയിൽ പ്രാധാന്യമർഹിക്കുന്നവ. കഥാഖ്യാനങ്ങളിലൂടെ മുഡുഗസമുദായത്തിന്റെ വ്യതിരിക്തതയും ഔന്നത്യവും വെളിപ്പെടുത്തുന്നവയായതു കൊണ്ട് ഈ കഥകളിൽ കാലഗണനയ്ക്ക് പ്രാധാന്യം കൽപ്പിക്കാനാവില്ല. (വിസ്താരഭയത്താൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നവ മാത്രം പരാമർശിക്കുന്നു.)

### 1. ദേവതാപരിണാമകഥകൾ

മുഡുഗഗോത്രക്കാർ ശിവഭക്തരാണ്. ഇതര പ്രാക്തനഗോത്രജരെപ്പോലെ ഇവർ മാംസഭക്ഷണം ധാരാളം ആഹരിക്കുകയോ, മൃഗവേഷങ്ങളാണിഞ്ഞ് നൃത്തം ചെയ്യുകയോ പതിവില്ല. ഭക്ഷണം, ആചാരം, നാമധേയം എന്നിവയിൽ ഇവർ ദൈവത്തെ അനുകരിക്കുന്നു. സൂര്യഭാഗവാനാണ് മറ്റൊരു ആരാധനാമൂർത്തി. സ്ത്രീകളോട് ബഹുമാന്യത പുലർത്തുക, വാഗ്ദാനം പാലിക്കുക, മണ്ണിനേയും പ്രകൃതിയേയും മാനിക്കുകയും വർദ്ധിപ്പിക്കുകയും ചെയ്യുക, ധാന്യ'ക്കഴി'[4]കൾ ഇല്ലാത്തവരെ പട്ടിണി കൂടാതെ സംരക്ഷിക്കുക തുടങ്ങിയവയെല്ലാം ഊരിലെ എല്ലാ അംഗങ്ങളുടെയും ഉത്തരവാദിത്വമാണ്. ' കൂട്ട്[5] നടത്തുന്നവൻ മുടി മുറിക്കാൻ പാടില്ല. അത് ദൈവം ഊരുവിട്ടു പോകാൻ ഇടയാക്കുമെന്ന് ഇവർ വിശ്വസിക്കുന്നു. പരേതാത്മാക്കളെ പ്രത്യേകിച്ചും പിതൃക്കളെ ആരാധിക്കുന്ന സവിശേഷതയും മറ്റ് പ്രാക്തനഗോത്രസമൂഹങ്ങളെപ്പോലെ ഇവരും പിന്തുടരുന്നു. ഒരിക്കൽ ജീവിച്ചിരുന്ന വ്യക്തികളാണ് മരണാനന്തരം ദേവതയായി മാറുന്നത്. അത്തരം ദേവതകളിൽ നല്ലൂര് കാളി, ആണ്ടവൻ തുടങ്ങിയവർ പ്രത്യേകം പരാമൃഷ്ടരാണ്.

**a. നല്ലൂർകാളിയുടെ കഥ**

മണ്ണാർക്കാട് പൂരത്തിന് കേരളത്തിലും തമിഴ്നാട്ടിലുമുള്ള മുഡുഗ സമുദായാംഗങ്ങളെല്ലാം എത്തിച്ചേരുന്നത്, ഒരു ആദിവാസിയുവതിയുടെ ദേവതാ പരിണാമത്തിലേയ്ക്കുള്ള കഥ പറയുന്നു. പുലിയറയ്ക്കടുത്ത് ആമന്ദമലയുടെ അടിവാരത്തു താമസിച്ചിരുന്ന കാവമൂപ്പന്റെ ഭാര്യയായിരുന്നു, നല്ലൂര്കാളി. കോയപ്പാട്ടിയുടെ ഊരിലുൾപ്പെടുന്ന (കോയമ്പത്തൂർ) കൊൽക്കത്തിയൂരിന് സമീപമുള്ള നല്ലൂരിലാണ് കാളിയുടെ ഭവനം. രണ്ടുപേരും ജ്ഞാനം കൊണ്ട് ദേവതാ പ്രത്യക്ഷം നടത്താൻ കഴിവുള്ളവരായിരുന്നു. കാവമൂപ്പൻ ജനിച്ചത് 'ചിക്കച്ചാള്'[6] യിലായിരുന്നു. എന്നാൽ, യുവാവായപ്പോഴേയ്ക്കും അദ്ദേഹം ജ്ഞാനം നേടി, സ്വർണ്ണക്കൊട്ടാരവും ഏതു കാട്ടുമൃഗത്തേയും തന്റെ ആലയിൽ തളയ്ക്കുന്ന മഹത്വവും നേടി. അദ്ദേഹത്തിന്റെ സമ്പത്തുകണ്ട് ദുരമൂത്ത രാജാക്കന്മാർ അദ്ദേഹത്തെ മണ്ണാർക്കാട്ടു വരുത്തി, കുതിർമാളിക[7] യിലടച്ചു. 7 ദിവസം കഴിഞ്ഞിട്ടും ഭർത്താവിനെ കാണാതെ വന്നപ്പോൾ നല്ലൂര്കാളി ജ്ഞാനസിദ്ധികൊണ്ട് കാട്ടാനകളെ വിളിച്ചുവരുത്തി, അതിലൊന്നിന്റെ തുമ്പിക്കയ്യിൽ തൊട്ടിൽകെട്ടി, ആ തൊട്ടിൽ പല്ലക്കിലേറി, മണ്ണാർക്കാട്ടേയ്ക്ക് പുറപ്പെട്ടു. ദുരമൂത്ത രാജാവിനെ 'ചക്കിലിയനെ'ന്ന് സംബോധന ചെയ്ത്, തന്റെ ഭർത്താവിനെ വിട്ടുകിട്ടിയില്ലെങ്കിൽ രാജാവിന്റെ കോട്ട തകർക്കുമെന്ന് മുന്നറിയിപ്പ് നല്കി. നല്ലൂര്കാളിയെ പിന്തുടർന്ന് വനമൃഗസഞ്ചയം കുതിർമാളികയും ഫലവൃക്ഷത്തോപ്പുകളും തകർത്തു. സംരക്ഷകരായ രാജഭടന്മാർ ചിതറിയോടി. ഭർത്താവിനെ പിരിഞ്ഞ വേദനയാൽ തകർന്ന് നല്ലൂര്കാളി, ആ മൃഗങ്ങളെ വന്യമൃഗങ്ങളാക്കി അയച്ചശേഷം നിമിഷനേരംകൊണ്ട് അപ്രത്യക്ഷയായി. അവർ നല്ലൂരിലെത്തി ആമന്ദമലയുടെ അപ്പുറത്തുള്ള 2 മലകൾ തരണം ചെയ്ത് 1 ദിവസത്തെ യാത്രദൂരം നിസ്സാരമാക്കി, തന്റെ കുലദൈവത്തെ വിളിച്ച്, തന്റെ ഭർത്താവ് മരിച്ച മണ്ണിലേ താനും മരിക്കൂ എന്ന് ശപഥം ചെയ്തു. മണ്ണാർക്കാട്ടുപ്രദേശത്ത് കൃഷി ചെയ്തുകൊണ്ടിരുന്ന ഒരു ചെറുമൻ, തെക്കുദേശത്തുനിന്ന് സുന്ദരിയും അരുണവർണ്ണവസ്ത്രധാരിണിയുമായ ഒരു സുന്ദരി, മിന്നലൊളിപോലെ, മണ്ണാർക്കാട്ട് ആൽത്തറയിലെത്തിയത് രാജാവിനെ അറിയിച്ചു. ആ സ്ത്രീ ആൽത്തറയിൽ കല്ലായിത്തീർന്നു - ഇതാണ് നല്ലൂര് കാളിയുടെ ദേവതാപരിണാമകഥ.

**b. ആണ്ടവൻ അഥവാ മല്ലീശ്വരൻ**

മഞ്ചിപ്പാട്ടനും മകളുംകൂടി ഒരേദിനംകൊണ്ട് സത്യപ്പാറയിൽ നെല്ലുവിതച്ച്, അതേദിനം കൊയ്ത്, ഭക്ഷണമുണ്ടാക്കി; ഭക്ഷണശേഷം പാത്രം കഴുകിക്കമഴ്ത്തിയ ശബ്ദം കേട്ട് കോഴികൂകിയെന്നും ശേഷം അച്ഛനും മകളും പ്രണയിച്ചെന്നും സൂര്യനുദിക്കുന്ന സമയത്ത് ഇരുവരും ആണ്ടവൻമുടിയിൽ മറഞ്ഞെന്നും വിശ്വസിക്കപ്പെടുന്നു. മഞ്ചിപ്പാട്ടന് കക്കിലിംഗനെന്നും പേരുണ്ട്. ആണ്ടവൻമുടിയാണ് മല്ലീശ്വരമുടിയായി അറിയപ്പെടുന്നത്.

**2. അവകാശക്കൈമാറ്റക്കഥകൾ**

രാജാക്കന്മാർ ഗോത്രക്കാർക്ക് നല്കിയ സവിശേഷാധികാരങ്ങൾ, ഊരുമൂപ്പന്മാർ ശുദ്ധാശുദ്ധവിധിപ്രകാരമോ, കൃതജ്ഞതാസൂചകമായോ മരുമക്കൾക്കു നല്കിയ അവകാശങ്ങൾ എന്നിവ ഈ വിഭാഗത്തിൽ വരുന്നു. ചിറ്റൂർ മൂപ്പൻ അവകാശം കൊടുത്ത കഥ, സാമൂതിരി വിളക്കവകാശം കൊടുത്ത കഥ, ഉമന്നൂർകാർക്ക് ശിവരാത്രിദിനത്തിൽ മലപൂജാരിയായി, ആണ്ടവൻമുടിയേറാനുള്ള അവകാശം എന്നിവയാണ് ഇവയിൽ ഏറ്റവും പ്രധാന്യമർഹിക്കുന്നവ.

**a. സാമൂതിരിക്കോവിലകത്തിന്റെ വിളക്കവകാശം**

വ്രതശുദ്ധിയോടെ ശുദ്ധാശുദ്ധങ്ങളാചരിച്ച് ശിവരാത്രിയിൽ മലകയറുന്ന മലപൂജാരിമാർ സാമൂതിരിയുടെ അവകാശവിളക്ക് ആണ്ടവൻമുടിയിൽ സ്ഥാപിക്കുന്നു. മുഡുഗസമുദായാംഗമായ മല്ലയ്യമൂപ്പൻ കോഴിക്കോട് സാമൂതിരിയുടെ കൊട്ടാരത്തിൽ വിറകുവെട്ടാനായി ചെന്നുവെന്നും അദ്ദേഹത്തിൽ ആകൃഷ്ടയായ രാജകുമാരി, മല്ലയ്യമൂപ്പന്റെ മകളുടെ അമ്മയായെന്നുമാണ് ചരിത്രം. പെൺകുഞ്ഞിന് അവകാശങ്ങളില്ലാത്തതിനാൽ, സാമൂതിരിക്കോവിലകത്തിന്റെ ഗോത്രത്തുടർച്ചയുടെ സ്മാരകമാണ് ആണ്ടവൻമുടിയിലേയ്ക്കുള്ള വിളക്ക്.

**b. മാറനാട്ടിമൂപ്പന്റെ അവകാശത്തീര്**

ചിറ്റൂര് മൂപ്പനായിരുന്ന മണിയൻപാട്ടനും ചെല്ലിപ്പാട്ടിയും[9] മാറനാട്ടി ഊരിന്റെയും ചുമതല വഹിച്ചിരുന്നു. അധിക ചുമതല പങ്കിടാൻ മരുമകനെ മാറനാട്ടിയുടെ ചുമതല ഏല്പിച്ചിരുന്നു. ( പുരുഷധനം[10] നല്കി, പെൺകുട്ടിയെ ഭാര്യയാക്കുന്ന സമ്പ്രദായം നിലനിന്നതിനാൽ മരുമകൻ ശ്വശുരനുമായി ഹൃദയബന്ധം പുലർത്തുന്ന സാഹചര്യം മുഡുഗസമുദായത്തിൽ കാണാം.) മുഡുഗഗോത്രവിധിപ്രകാരം ഓരോ സന്ധ്യയ്ക്കും പാട്ടി ഓരോ

 ISSN No: 3049-0316


വീടുകളും സന്ദർശിച്ച് ഭക്ഷണം കഴിക്കാത്തവരെ കണ്ടെത്തി, ഭക്ഷണം നല്കിപ്പോന്നിരുന്നു. ഇങ്ങനെ ധാന്യം തീർന്നുപോയതിനാൽ വർഷം മണിക്കട്ടിരാജാവിന്[11] ഉലുപ്പകെട്ടാൻ[12] കഴിഞ്ഞില്ല. കോപിഷ്ഠനായ രാജാവ് മൂപ്പനെ കക്കുപ്പടിയിൽ വച്ച് പിടികൂടി, കുണ്ടുർമാളികയിലടച്ചു. 3 ദിവസമായിട്ടും തിരിച്ചുവരാത്ത അമ്മാവനെ തേടിയെത്തിയ മരുമകൻ വിവരമറിഞ്ഞു. പ്രശ്നപരിഹാരത്തിനും ജന്മിയെ സന്തുഷ്ടനാക്കാനും കന്നോട്ടുകൂടിയ പശുവിനെ ജന്മിക്കു സമ്മാനിച്ച്, അയാൾ അമ്മാവനെ വീണ്ടെടുത്തു. സന്തുഷ്ടനായ മണിയൻമൂപ്പൻ മരുമകന് മാറനാട്ടിയൂര് അവകാശമായി നല്കി. (ഇന്ന് കാട്ടുകയറി അന്യംനിന്ന 100 ഏക്കർ ഭൂമിയാണ് അന്നത്തെ മാറനാട്ടി)

**c. ശ്രുമന്തൂരിന് മലപൂജാരിയാവാനുള്ള അവകാശം**

മഞ്ചിപ്പാട്ടൻ (ആണ്ടവൻ), വ്രതസമയത്ത് ഭാര്യ രജസ്വലയായതിനാൽ, മരുമകനായ ശ്രുമന്തൂരിലെ മൂപ്പന് (പെട്ടിക്കല്ലുമൂപ്പൻ), ശിവരാത്രിദിനത്തിൽ മലകയറാനും മലപൂജാരിയാവാനുമുള്ള അധികാരം നല്കി. ആ അവകാശം ഇന്നും തുടരുന്നു.

**3. സ്ഥലനാമങ്ങളുടെ സാംസ്കാരികതനിമ**

ചിറ്റൂര്, മാറനാട്ടി, പുലിയറ, കടുകുമണ്ണ്, ആനവായ്, പെട്ടിക്കല്ല്, ആനക്കല്ല്, പാടവയൽ, ഉണ്ടൂര്, തലക്കടവ് തുടങ്ങി നിരവധി സ്ഥലനാമങ്ങൾ അട്ടപ്പാടിയിലെ ഗോത്രസംസ്കൃതിയിലേയ്ക്ക് വിരൽചൂണ്ടുന്നു.

1) ചിറ്റൂര്: കുറുമ്പ സമുദായാംഗങ്ങൾ പോത്തിനെ കൊന്ന്, അതിന്റെ ചിറ്റുകുടൽ അവരുടെ കുലദേവതയ്ക്ക് നിവേദിക്കാൻ തുനിഞ്ഞപ്പോൾ ഉണ്ടായ സംഘർഷസൂചക ശബ്ദം.

2) പുലിയറ: മുത്തിക്കുളം പാട്ടൻ കുറവമ്പാടിയിലുള്ള ഭാര്യവീട്ടിലേയ്ക്ക് വരുമ്പോൾ, രാവിലത്തെ മഞ്ഞുവെള്ളം ദേഹത്താകാതിരിക്കാൻ, ചുറ്റുമുള്ള സസ്യ/വൃക്ഷ ജാലങ്ങളിലെ വെള്ളം തട്ടിക്കളയാൻ പൈൻമരം[13] പിഴുത്, ഉപയോഗിച്ചിരുന്നു. അത്തരമൊരു പ്രഭാതത്തിൽ ഇരതേടി, കുട്ടികളോടൊപ്പമിറങ്ങിയ തള്ളപ്പുലിയെ അദ്ദേഹം ഇടംകൈകൊണ്ട് വലിച്ചെറിഞ്ഞ സ്ഥലം. പുലി സ്വന്തം മാളത്തിൽ ചെന്നുവീണു എന്ന് പറയപ്പെടുന്നു. ആദ്യകാലമൂപ്പൻമാരുടെ കരുത്ത് വ്യക്തമാക്കുന്ന ഐതിഹ്യം.

4) കടുകുമണ്ണ്: കടുകുകൃഷിയിൽ ഏറ്റവും വിളവു നല്കുന്ന സ്ഥലം. ഇത് കുറുമ്പരുടെ അധീനതയിലാണ്.

5) ആനവായ്: പ്രപഞ്ചോല്പത്തിയിൽ ആന ജനിച്ചതായി പറയപ്പെടുന്ന സ്ഥലം. മുളച്ചു വരുന്ന പോലെ തുമ്പിക്കൈ, കൊമ്പ് എന്നിവ യഥാക്രമം പുറത്തുവന്ന്, പുഴയിലെ പാറക്കല്ലിൽ, ആന ചവിട്ടിയതും കൊമ്പുകുത്തിയതുമായ പാടുകൾ അവശേഷിക്കുന്നുവെന്ന് ഊരുനിവാസികൾ പറയുന്നു.

6) പെട്ടിക്കല്ല്: നായാട്ടിനുപോയ ആണ്ടവൻ തിരിച്ചുവന്നപ്പോൾ, ഭാര്യയോടൊപ്പം സുന്ദരിയായ കന്യകയെ കണ്ടു. തന്റെ നായാട്ടുകാലത്ത്, തനിക്കു ജനിച്ച കുട്ടിയാണെന്ന് ഭാര്യ പറഞ്ഞിട്ടും വിശ്വസിക്കാതെ, അദ്ദേഹം പെൺകുട്ടിയെ വിധേയയാക്കാൻ ശ്രമിച്ചുവത്രെ. ഇതിൽ കുപിതയായ ഭാര്യ, വീടുവിട്ടിറങ്ങി, തന്റെ ആഭരണപ്പെട്ടി ഒരു കുഴിയിലേയ്ക്ക് എറിഞ്ഞുകളഞ്ഞുവെന്നും ആ പ്രദേശമാണ് പെട്ടിക്കല്ലെന്നും പറയപ്പെടുന്നു.

7) നല്ലസിങ്ക: തമിഴിലെ നല്ലതങ്കക്കഥ. ദാരിദ്ര്യവും വറുതിയുടെ കൊണ്ട് നട്ടം തിരിഞ്ഞ നല്ലതങ്ക, ഭർത്താവ് മരിച്ചശേഷം 7 മക്കളോടുകൂടി സഹോദരന്റെ അടുത്ത് വന്നു. സഹോദരൻ നായാട്ടിനുപോയ നേരത്ത് സഹോദരഭാര്യ വെള്ളവും വാഴത്തടയും ഭക്ഷണാവശ്യത്തിന് നല്കി. പത്തിനി[14]യായ നല്ലതങ്ക, വാഴത്തടകൊണ്ട് തീകത്തിച്ച്, ഭക്ഷണം പാകം ചെയ്ത് മക്കൾക്ക് നല്കി. അപമാനിതയായതിനാൽ സങ്കടം അടക്കാനാവാതെ, ഒരു കിണറ്റിൽ മക്കളെ എറിഞ്ഞുകൊന്ന ശേഷം താനും ചാടിമരിച്ചു. നായാട്ടു കഴിഞ്ഞെത്തിയ സഹോദരൻ, ഏക സഹോദരിയുടെ മരണത്തിൽ ഹൃദയം നൊന്ത്, അതേ കിണറ്റിൽ ജീവനൊടുക്കി. ഇവരെല്ലാം ദൈവപുരുഷരായി. നല്ലതങ്കയെന്ന പേരാണ് നല്ലസിങ്കയായി രൂപപ്പെട്ടതെന്ന് പറയപ്പെടുന്നു.

8) ചിറ്റിക്കര: ബൊമ്മമുടിയിലെ ദേവത ചെറുത്തുവന്ന ശത്രുവിനെ തലവെട്ടി, ആ തലയിൽ പുഴുകയറി, നാറാൻ തുടങ്ങി. ഇതിന് ' ചെറ്റിവച്ച്' എന്നാണ് ഊരുഭാഷയിൽ പറയുന്നത്. ശത്രുശിരസ്സിൽ ചെറ്റിവച്ച സ്ഥലമാണത്രെ ചെറ്റിക്കരയും പിന്നീട് ചിറ്റിക്കരയുമായിത്തീർന്നത്.

9) ആനക്കല്ല്, പാടവയൽ, ഉണ്ടൂര്, തലക്കടവ്: ഈ സ്ഥലനാമങ്ങൾ രൂപപ്പെടുന്നതിന് കാരണമായ കഥ രസകരമാണ്. ഏഴ് ആങ്ങളമാരുടെ 'മുണ്ടി''യായ ഏകസഹോദരി; ആങ്ങളമാർ നായാട്ടിനുപോയ നേരത്ത് സമീപത്തെ മാവിൽ നിന്നും വീണ ഫലങ്ങൾ അത്തിമാർ[1] ശേഖരിച്ചു. മുണ്ടിക്കു ഫലം

പെറുക്കാൻ കഴിവില്ലാത്തതിനാൽ അവൾ അത്തിമാരോട് ഫലമാവശ്യപ്പെട്ടു. തങ്ങൾ തൊലി തിന്ന്, കാമ്പ് ഭർത്താവിന് വെച്ചെന്ന് എല്ലാവരും പറഞ്ഞു. നിരാശയായ മുണ്ടി മാവിൻചോട്ടിൽ ചെന്നെങ്കിലും പഴുത്തുതുടുത്ത ഫലങ്ങൾ മുകളിൽ തൂങ്ങിക്കിടക്കുന്നത് കണ്ടുനില്ക്കാനേ കഴിഞ്ഞുള്ളൂ. ആ ഫലങ്ങളെല്ലാം ചുറ്റിക്കാത്തിരുന്ന പെരുമ്പാമ്പ് അവളോട് തന്റെ ഭാര്യയായാൽ ആ പഴങ്ങളെല്ലാം അവൾക്ക് നല്കാമെന്നു പറഞ്ഞു. ആദ്യം ഒഴികഴിവുപറഞ്ഞെങ്കിലും അവൾ വഴങ്ങി. പാമ്പ് അവളെ തന്റെ ഭാര്യയാക്കി, തന്റെ മാളത്തിലേയ്ക്ക് കൊണ്ടുപോയി. അവൾ ഗർഭിണിയായി. പാമ്പ്, അവൾ ആഗ്രഹിച്ച ഭക്ഷണമെല്ലാം നല്കി, നന്നായി സംരക്ഷിച്ചു. ഒരിക്കൽ നിറവയറോടെ മാളത്തിനു പുറത്തു കിടന്ന മുണ്ടിയുടെമേൽ, തന്നെ അന്വേഷിച്ചിറങ്ങിയ സഹോദരന്മാരുടെ കണ്ണീർ വീണു. മുണ്ടി സഹോദരന്മാരെക്കണ്ടു. ഏകസഹോദരിയുടെ ഭർത്താവ് ഒരു പാമ്പാണെന്നറിഞ്ഞ സഹോദരന്മാർ വിഷണ്ണരായി. എങ്കിലും അവരത് പുറമേ കാണിച്ചില്ല. 'പോഡിവീറ്ചോറ്'[1] നല്കാൻ സഹോദരിയെയും ഭർത്താവിനെയും ക്ഷണിച്ച്, രണ്ടുപേർക്കും വരാൻ രണ്ടു വഴികൾ നിർദ്ദേശിച്ച് - പൂർണ്ണഗർഭിണിയ്ക്ക് ലഘുവായ വഴിയും ആരോഗ്യവാനായ പാമ്പിന് കടുപ്പമേറിയതും എന്നാൽ, വീട്ടിലെത്താൻ എളുപ്പമുള്ളതുമായ വഴി - അവർ സദ്യയൊരുക്കാൻ പോയി. മടങ്ങി വന്ന പാമ്പ് മനുഷ്യന്റെ മണം കേട്ട് ദേഷ്യപ്പെട്ടെങ്കിലും അളിയന്മാർ ക്ഷണിച്ചതു കേട്ടപ്പോൾ സന്തുഷ്ടനായി. ഒരു മാനിനെ വേട്ടയാടിപ്പിടിച്ച്, അളിയന്മാർക്കു സമ്മാനിക്കാൻ പാമ്പ് തിരിച്ചു. വഴിയിൽ അളിയന്മാർ ചതിവാളു വച്ച് പാമ്പിനെ കൊന്നു.

തലക്കടവ് : വാളുകൊണ്ട് തലതെറിച്ചുവീണ സ്ഥലം.

പാടവയൽ : വാൽ വീണ സ്ഥലം. വാൽ പിന്നീട് വയലായി.

തുണ്ടൂര് : ശരീരം കഷണമായി തെറിച്ചുവീണ സ്ഥലം.

മുണ്ടി അളിയന്മാരുടെ വീട്ടിലെത്തി, ചോറുകഴിച്ച് ഉറങ്ങി. അവൾ അന്നുരാത്രി പ്രസവിച്ചു. എല്ലാം പാമ്പിൻമുട്ടകളായിരുന്നു. എല്ലാമുട്ടകളും അളിയന്മാരും അത്തിമാരും ചേർന്ന് പൊരിച്ചു. അവസാനത്തെ മുട്ട ആകാശത്തോളം ഉയർന്നു തെറിച്ച്, കൊണ്ടൻ ഞണ്ടിന്റെ പൊത്തിൽ വീണു. ഞണ്ടുവായിൽ വിരിഞ്ഞ പാമ്പുകിടാത്തൻ അമ്മയ്ക്കരികിൽ വന്ന് അപ്പനെ തിരക്കി. അപ്പനു പകരം മറ്റൊരു ജീവൻ അമ്മാവൻമാർ വാഗ്ദാനം ചെയ്തു. ഒരു കുട്ടയ്ക്കകത്ത് മുയലിനെ വെച്ച്, പാമ്പു കിടാത്തൻ വന്നപ്പോൾ തുറന്നുവിട്ടു. ആ മുയലിനെ പിടിക്കാൻ പാമ്പുകിടാത്തൻ നടത്തുന്ന ശ്രമമാണ് സൂര്യഗ്രഹണവും ചന്ദ്രഗ്രഹണവുമെന്ന് ഊരുനിവാസികൾ വിശ്വസിക്കുന്നു.

## 4. മൃഗസൃഷ്ടിക്കഥകൾ

വിസ്തരഭയത്താൽ അമ്പുണ്ണൂരിലെ ദർബാരിമക്കൾക്കഥയിൽ ഒതുക്കുന്നു. അമ്പുണ്ണൂരിലെ അച്ഛനമ്മയും കിഴങ്ങു മാന്തുന്നതിനിടയിൽ യതിവന്ന് ഇരുവരെയും ഭക്ഷിച്ചു. ശേഷം മഞ്ഞും മലയും വെള്ളവും താണ്ടി, ഊരിലെത്തി, കുട്ടികളെയും ഭക്ഷിക്കാനൊരുങ്ങി. തൊട്ടിലിൽ ഉറങ്ങുന്ന കുഞ്ഞിനെ ഭക്ഷിക്കുന്ന നേരത്ത്, മൂത്തകുട്ടികൾ - ജ്യേഷ്ഠത്തിയും അനിയത്തിയും - നല്ല വാക്കുകൾ പറഞ്ഞ്, ചാമക്കഞ്ഞിയൊരുക്കി, ഉണ്ണിലും വീട്ടിലുമൊഴുക്കി, നക്കിക്കുടിക്കാൻ ഏല്പിച്ചു. ചാമക്കഞ്ഞി കുടിക്കുന്ന യതിയിൽനിന്ന് രക്ഷപ്പെടാൻ മുറം, നാഴി, പുട്ടുകുടം, കണ എന്നിവ വഴിയിൽ നിരത്തി; അവ തരണം ചെയ്ത യതിയിൽനിന്നു രക്ഷപ്പെടാൻ അച്ഛന്റെയും അമ്മയുടെയും സത്യം സാക്ഷിയാക്കി, പനമരം താഴ്ത്തി, അതിന്റെ മുകളിലൊളിച്ചു. വീണ്ടും ആക്രമിക്കാനെത്തിയ യതിയിൽനിന്നും അച്ഛന്റെയും അമ്മയുടെയും സത്യത്തിന്റെ പേരിൽ കല്ലുപൊളിച്ച് അതിലൊളിച്ചു. അവിടെയിരുന്ന് അടുത്തെത്തിയ യതിയെ കൊലപ്പെടുത്തി. തുടർന്ന് രണ്ടുപേരും പരസ്പരം ആശ്രയിച്ച്, ജീവിച്ചു. മാട്ടുമേയ്ക്കുന്ന ഇളയ പെൺകുട്ടിയുടെ സൗന്ദര്യം കണ്ട രാജാവ്, അവളെ ഭാര്യയാക്കാൻ കൂട്ടിക്കൊണ്ടുപോയി. വഴിയറിയിക്കാൻ അവൾ ചോളപ്പൊരി വഴിയിൽ വിതറി. ഒരു വൃദ്ധയുടെ തൊലി പുതച്ച്, അവൾക്കരികിലെത്തിയ ജ്യേഷ്ഠത്തിയെ കുറേക്കാലത്തിനുശേഷം രാജാവ് തിരിച്ചറിഞ്ഞു. അയാൾ അവളെയും ഭാര്യയാക്കി. രണ്ടുപേർക്കും കുട്ടികൾ ജനിച്ചു. കുട്ടികൾ ഉരലും ഉലയ്ക്കയും വച്ച് കളിക്കുമ്പോൾ ശണ്ഠകൂടി. ജ്യേഷ്ഠത്തി അനുജത്തിയുടെ കുട്ടിയെയും തിരിച്ചു മർദ്ദിച്ചു. ഒടുവിൽ ജ്യേഷ്ഠത്തി ഉരൽ കാലും ഉലയ്ക്ക തുമ്പിക്കയ്യും തിരികല്ല് തലയും ചൂല് വാലും മുറം ചെവിയും വല്ലം[1] ശരീരവുമാക്കി, 'കീകീ' യെന്ന് ശബ്ദം വച്ചുകൊണ്ടു പോയി. അനിയത്തി രണ്ടുകുട്ടികളെയും രണ്ടുതോളിലുമെടുത്ത് മറ്റൊരു വഴിയെ പോയി. കരടിക്ക് രണ്ടു കുട്ടികൾ ജനിക്കുന്നതിന്റെയും ആനയുടെ ജനനത്തിന്റെയും കഥ ഇങ്ങനെ ആരോപിക്കപ്പെടുന്നു.

 ISSN No: 3049-0316 

## ഉപസംഹാരം

ചരിത്രവും ഭാവനയും സമ്മേളിക്കുന്ന കഥാലോകമാണ് മുഡുഗസമുദായത്തിന്റെ സാംസ്കാരികതയെ നിർണ്ണയിക്കുന്ന ഒരു ഘടകം. കുടുംബബന്ധങ്ങൾ, വ്യക്ത്യധിഷ്ഠിത ശുദ്ധാശുദ്ധ സങ്കല്പങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, പിത്രാരാധനയിൽ നിന്നും ഉത്ഭവിക്കുന്ന ദേവതാസങ്കല്പങ്ങൾ, ജാത്യഭിമാനബോധം തുടങ്ങിയവ മുഡുഗസമുദായത്തെ ഇതര പ്രാക്തന ഗോത്രങ്ങളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. സപത്നീലോകവും (ദബാരിമക്കൾക്കതൈ) ദുരഭിമാനക്കൊലയുടെ ആദ്യസാക്ഷ്യവും (മുണ്ടിയും പാമ്പും കഥ) ഈ കഥാലോകത്തിനിടയിൽ കാണാം. ആണ്ടവന്റെ പുത്രീപ്രണയദാമ്പത്യം സൂക്ഷ്മമായി ഫ്രോയിഡിയൻ ലൈംഗികദർശനത്തിൽ അന്തർഭവിച്ചിരിക്കുന്നു. ദഹിപ്പിച്ച ശരീരത്തിലെ കഴുത്തെല്ല് (പൊന്നെലുമ്പ്) പെറുക്കി, മൃതാചാരസംസ്കൃതിക്രിയകൾക്കുള്ള അവകാശം മരുമകന് നല്കുന്നിടത്ത്, ജീവൻ രക്ഷിക്കുന്നവന് പൈതൃകാവകാശം നല്കുന്ന ഗോത്രനിയമവും പ്രത്യക്ഷമാകുന്നു. പുലിയറക്കഥയിലെ ശക്തനും ഭാര്യാപ്രണയിയുമായ മൂപ്പനെ ബൈബിളിലെ സാംസന്റെ കഥ ഓർമ്മിപ്പിക്കുന്നു. ലോകോത്തരമായ പ്രാക്തനഗോത്രസങ്കല്പങ്ങളുടെ അത്യുന്നതി പ്രകടമാക്കുന്ന മുഡുഗസമുദായത്തിന്റെ സംസ്കൃതി കൂടുതൽ പഠനവിധേയമാക്കേണ്ടിയിരിക്കുന്നു.

## കുറിപ്പുകൾ

1. ശ്രീധരമേനോൻ എ., പ്രൊഫ., കേരളചരിത്രം, ഡി.സി. ബുക്ക്സ്, കോട്ടയം 1st pub , 1967, 1st DCB edition, Aug 2007, 4th impression, sep 2010, അധ്യായം 2 കേരളചിത്രസാമഗ്രികൾ പുറം : 28 – 57
2. ദീപ.കെ., പ്രാദേശികചരിത്രപഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1st pub : Feb 2025, മുഖവുര
3. മണികണ്ഠൻ, അട്ടപ്പാടി.
4. വിളവെടുത്ത ധാന്യം സൂക്ഷിക്കാനുള്ള സ്ഥലം.
5. 'കൂട്ട്' എന്നു പറഞ്ഞാൽ ആചാരനൃത്തം. ദ്രൗപതിക്കൂട്ട് മുഖ്യം.
6. ചിക്ക എന്നു പറഞ്ഞാൽ കൂവ. ചാള എന്നാൽ ഏറ്റവും ദാരിദ്ര്യം നിറഞ്ഞ ഭവനം.
7. ഇരുട്ടും മർദ്ദകരും നിറഞ്ഞ ജയിലറ.
8. ഒരു അധ:കൃതവർഗ്ഗം – ദയാദാക്ഷിണ്യങ്ങളോ മര്യാദയോ പാലിക്കാത്തവനെന്ന് സംബോധനയുടെ അർത്ഥം.
9. പാട്ടൻ – മൂപ്പൻ, പാട്ടി – മൂപ്പത്തി
10. ഒരു പെൺകുട്ടിയെ ഭാര്യയായി ലഭിക്കുന്നതിന് അവളുടെ വീട്ടിൽ, പെൺകുട്ടിയുടെ അച്ഛൻ നിർദ്ദേശിക്കുന്ന ജോലികളെല്ലാം ചെയ്ത്, ശ്വശുരനെ തൃപ്തിപ്പെടുത്തി, പെൺകുട്ടിയെ സ്വന്തമാക്കുന്ന പ്രക്രിയ.
11. മണിക്കട്ടിരാജാവ് – അട്ടപ്പാടിയിൽ അധികാരമുള്ള മൂപ്പൻ.
12. ഉല്പന്നങ്ങളുടെ ഭൂരിഭാഗം പങ്കും ജന്മിക്കു നല്കുന്നത്.
13. കാട്ടിൽ തനിയെ മുളച്ചുവരുന്ന ബലിഷ്ഠമായ വൃക്ഷം. ഇന്നത്തെ പൈൻമരമല്ല.
14. പതിവ്രത, ജ്ഞാനസിദ്ധിയുള്ളവൾ എന്നെല്ലാം അർത്ഥം.
15. ദിവ്യാംഗ (അംഗപരിമിത)
16. നാത്തൂന്മാർ ( സഹോദരപത്നിമാർ)
17. ആദ്യകുഞ്ഞിനുള്ള സദ്യ – ഗർഭിണിയെയും ഭർത്താവിനെയും ക്ഷണിച്ചു വരുത്തി, നാട്ടുകാരുടെ മുന്നിൽ ആദരിച്ച്, ഭക്ഷണം നല്കുന്നത്.
18. ധാന്യം ശേഖരിക്കുന്ന വലിയ കുട്ട.

## സഹായഗ്രന്ഥങ്ങൾ

1. ശ്രീധരമേനോൻ എ., പ്രൊഫ., കേരളചരിത്രം, ഡി.സി. ബുക്ക്സ്, കോട്ടയം 1st pub , 1967, 1st DCB edition, Aug 2007, 4th impression, sep 2010, അധ്യായം 2 കേരളചിത്രസാമഗ്രികൾ പുറം : 28 – 57
2. ദീപ.കെ., പ്രാദേശികചരിത്രപഠനങ്ങൾ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 1st pub : Feb 2025, മുഖവുര

## ആവേദകർ

1. ഉദയൻ, അട്ടപ്പാടി – 9605890227
2. ചൊറിയൻ മൂപ്പൻ – 8590616540
3. രമേശ് ആർ. കെ., അട്ടപ്പാടി – 6238573765
4. രാജേന്ദ്രപ്രസാദ് കെ – 9447139784
5. രാമു, ചിറ്റൂർ – 9447466943
6. ലക്ഷ്മി, അമ്പുണ്ണൂർ – 7034134 198